# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5170 | 06.02.2014-ൽ മറുപടിയ്ക്ക്

## 720/VIP/2013 നമ്പരിൽ ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മോയിൻകുട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 720/VIP/2013 നമ്പരിൽ ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി എന്നാണ് അന്വേഷണത്തിനായി അയച്ചത്; | (എ) 14/6/2013-ന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അയച്ചു കൊടുത്തിരുന്നു. |
| (ബി) തിരുവനന്തപുരം സിറ്റി ട്രാഫിക് PS Crime No. 400/14/U/S279IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തത് എന്നാണ്; | (ബി) പ്രസ്തുത പരാതി തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം 400/14 u/s 279 IPC പ്രകാരം 18.01.2014-ാം തീയതി 18.20 മണിക്ക് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. |
| (സി) കേസ് രജിസ്റ്റർ ചെയ്ത അന്നു മുതൽ നടത്തിയ അന്വേഷണങ്ങളുടെ വിശദവിവരം തീയതി സഹിതം വെളിപ്പെടുത്തുമോ? | (സി) അന്വേഷണാർത്ഥം പരാതിക്കാരനെ 19.01.2014-ാം തീയതി നേരിൽ കണ്ട് പരാതി സംഭവത്തെക്കുറിച്ച് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സംഭവം കണ്ടതായി പറയുന്ന സാക്ഷികളെ കണ്ടു ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും കൃത്യസ്ഥലത്ത് ഹാജരായി പരാതിക്കാരന്റെയും സാക്ഷികളുടെയും മറ്റും സാന്നിദ്ധ്യത്തിൽ കൃത്യസ്ഥല മഹസ്സർ തയ്യാറാക്കി സാക്ഷി മൊഴികളോടൊപ്പം ടി മഹസ്സറും 19.01.2014-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ 20.01.2014-ന് പരാതിക്കാരൻ സ്റ്റേഷനിൽ ഹാജരാക്കിയ കൃത്യത്തിൽ ഉൾപ്പെട്ട സൈക്കിൾ, സാക്ഷികളുടെയും മറ്റും സാന്നിദ്ധ്യത്തിൽ കണ്ട് മഹസ്സർ തയ്യാറാക്കി അന്നേ ദിവസം തന്നെ ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കൃത്യത്തിന് ഹേതുവായ വാഹനത്തിന്റെ ആർ.സി. ഓണറുടെ വിലാസം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ